Newspaper : Bizcuts.com

Date : 29.08.2026



സീഷെൽസിന്റെ മത്സ്യബന്ധനം, കൃഷി, നീല സമ്പദ്വ്യവസ്ഥ മന്ത്രി (ബ്ലൂ ഇക്കോണമി) വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള ഏഴംഗ പ്രതിനിധിസംഘം ഇന്ന് ഐ.സി.എ.ആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ((ICAR-CIFT) സന്ദർശിച്ചു. ഐസിഎആർ സിഫ്റ്റിലെ ഡയറക്ടറുമായും മുതിർന്ന ശാസ്ത്രജ്ഞരുമായും പ്രതിനിധിസംഘം മത്സ്യബന്ധന സാങ്കേതികവിദ്യ, മത്സ്യസംസ്കരണം, ഗുണനിലവാര ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തി.